വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം

218 (910) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ വാട്ടർ അതോറിറ്റി വിതരണംചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണുള്ളത്;

(ബി) എവിടെയെല്ലാമാണ് പരിശോധനാ ലാബുകൾ പ്രവർത്തിക്കുന്നത്;

(സി) എത്രദിവസം കൂടുമ്പോഴാണ് കുടിവെള്ളത്തിന്റെ സാമ്പിൾ പരിശോധനയ്ക്ക് അയയ്ക്കുന്നത്;

(ഡി) കുടിവെള്ളം പരിശോധിക്കുന്നതിന് ശാസ്ത്രീയ ലബോറട്ടറി സംവിധാനം ഉപയോഗപ്പെടുത്താൻ സർക്കാർ നടപടികൾ സ്വീകരിക്കുമോ ;

(ഇ) ജലത്തിന്റെ ഏതെല്ലാം ഘടകങ്ങളാണ് ഇപ്പോൾ ലബോറട്ടറികളിൽ പരിശോധിച്ചുവരുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം അപ്പപ്പോൾ പരിശോധിക്കുന്നതിനും ക്ലോറിന്റെ അംശം ഉണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുമുള്ള സംവിധാനം എല്ലാ ട്രീറ്റ്മെന്റ് പ്ലാന്റുകളിലും പമ്പ് ഹൗസുകളിലും ലഭ്യമാണ്. ഇവ കൂടാതെ കേരള വാട്ടർ അതോറിറ്റി ക്വാളിറ്റി കൺട്രോൾ വിംഗ്വഴി എല്ലാ വാട്ടർ സപ്ലൈ സ്കീമുകളിൽനിന്നും വിതരണം ചെയ്യുവരുന്ന ജലത്തിന്റെ സർവൈലൻസ് സാമ്പിളുകൾ ശേഖരിക്കുകയും ക്വാളിറ്റി കൺട്രോൾ വിഭാഗത്തിൽ കോഴിക്കോടിന്റെ കീഴിലുള്ള ജില്ലാ ലബോറട്ടറിയിൽ പരിശോധിക്കുകയും ചെയ്യുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എല്ലാ ജില്ലകളിലും ജില്ലാതല ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. കോഴിക്കോട് ജില്ലയിൽ മലാപ്പറമ്പിലുള്ള ക്വാളിറ്റി കൺട്രോൾ ഡിവിഷൻ ഓഫീസിലാണ് ഈ ലാബ് പ്രവർത്തിക്കുന്നത്.

(സി) കേരള വാട്ടർ അതോറിറ്റി ക്വാളിറ്റി കൺട്രോൾ സർവീലിയൻസിനുവേണ്ടി ശ്രദ്ധജല പദ്ധതികൾ അഞ്ചായി തരംതിരിച്ചിരിക്കുന്നു.

'എ' കാറ്റഗറി സ്കീം

1,00,000-ത്തിൽ കൂടുതൽ ഗ്രണഭോക്താക്കൾ എല്ലാ മാസവും സർവ്വീലിയൻസ് സാമ്പിളുകൾ ജില്ലാതല ലബോറട്ടറിയിൽ പരിശോധിക്കുന്നു.

'ബി' കാറ്റഗറി സ്കീം

50,000-1,00,000 ഗ്രണഭോക്താക്കൾ. രണ്ട് മാസത്തെ ഇടവേളയിൽ സർവീലിയൻസ് സാമ്പിളുകൾ ജില്ലാതല ലബോറട്ടറിയിൽ പരിശോധിക്കുന്നു.

'സി' കാറ്റഗറി സ്കീം

20,000-50,000 ഗ്രണഭോക്താക്കൾ. മൂന്ന് മാസത്തെ ഇടവേളയിൽ സർവീലിയൻസ് സാമ്പിളുകൾ ജില്ലാതല ലബോറട്ടറിയിൽ പരിശോധിക്കുന്നു.

'ഡി' കാറ്റഗറി സ്കീം

5,000-20,000 ഗ്രണഭോക്താക്കൾ. ആറ് മാസത്തെ ഇടവേളയിൽ സർവീലിയൻസ് സാമ്പിളുകൾ ജില്ലാതല ലബോറട്ടറിയിൽ പരിശോധിക്കുന്നു.

'ഇ' കാറ്റഗറി സ്കീം

5,000-ത്തിൽ താഴെ ഗ്രണഭോക്താക്കൾ. വർഷത്തിൽ ഒരിക്കൽ സർവീലിയൻസ് സാമ്പിളുകൾ ജില്ലാതല ലബോറട്ടറിയിൽ പരിശോധിക്കുന്നു.

(ഡി) കുടിവെള്ളം പരിശോധിക്കുന്നതിനുള്ള ശാസ്ത്രീയ സംവിധാനം കേരള വാട്ടർ അതോറിറ്റിയുടെ എല്ലാ ജില്ലാതല ലാബുകളിലും ലഭ്യമാണ്. ഈ സൗകര്യം പൊതുജനങ്ങൾക്കും ലഭ്യമാണ്.

(ഇ) കലക്കൽ, പി.എച്ച്., ഇലകൂക്കൽ കണ്ടക്ടിവിറ്റി, അമ്ലഗ്രണം, ക്ഷാരഗ്രണം ആകെ ലയിക്കപ്പെട്ട പദാർത്ഥങ്ങൾ, കാഠിന്യം, കാൽഷ്യം, മഗ്നീഷ്യം, ക്ലോറൈഡ്, ഫ്ലൂറൈഡ്, അയൺ നൈട്രേറ്റ്, സൾഫേറ്റ് ബാക്ടീരിയ എന്നീ ഘടകങ്ങളെല്ലാം ലബോറട്ടറിയിൽ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പാലക്കാട് ജില്ലയിലെ കുടിവെള്ള ക്ഷാമം

219 (911) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ല അതിരൂക്ഷമായ വരൾച്ചയും കുടിവെള്ളക്ഷാമവും നേരിടുന്നുവെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വരൾച്ചാ ദുരിതാശ്വാസ പദ്ധതിപ്രകാരം പാലക്കാട് ജില്ലയ്ക്ക് പ്രത്യേകമായി ഫണ്ട് അനുവദിക്കുവാൻ ആലോചിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ;

(സി) ജില്ലയിലെ കളങ്ങളും ജലസംഭരണികളും ആശങ്കാജനകമായ വിധത്തിൽ ജലദൗർലഭ്യം നേരിടുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) നബാർഡ് സഹായത്തോടെ റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട് ഉപയോഗിച്ച് ജില്ലയിലെ കളങ്ങളും കിണറുകളും അടിയന്തരമായി സംരക്ഷിക്കുന്നതിനും ജലലഭ്യത ഉറപ്പുവരുത്തുന്നതിനും ആവശ്യമായ ഭരണാനുമതി നൽകുമോ ; എത്ര രൂപ ചെലവഴിക്കുന്നതിനാണ് ലക്ഷ്യമിടുന്നത് ; ഇത്തരം കാര്യങ്ങൾ ചർച്ചചെയ്യുന്നതിനായി സർക്കാർ ജനപ്രതിനിധികളുടെ അടിയന്തരയോഗം വിളിച്ചു ചേർക്കുമോ ; എങ്കിലെന്ന് ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇപ്പോൾ ആലോചനയിലില്ല.

(സി) വേനൽമഴ കാര്യമായി ലഭിക്കാത്തതിനാൽ ജലസ്രോതസ്സുകളിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ജലസംഭരണം കുറവായിട്ടുണ്ട്.

(ഡി) കളങ്ങളുടെയും നദികളുടെയും സംരക്ഷണവും പരിപാലനവും ചെയ്യുന്നതിനുവേണ്ടി നബാർഡിന്റെ ധനസഹായത്തോടെയുള്ള പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നകാര്യം പരിശോധിക്കുന്നതാണ്.

പേരാമ്പ്ര മണ്ഡലത്തിലെ കുടിവെള്ള ക്ഷാമം

220 (912) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് നഗരത്തിലും സമീപത്തുള്ള ചില പഞ്ചായത്തുകളിലും കുടിവെള്ളം വിതരണം ചെയ്യുന്ന ജപ്പാൻ കുടിവെള്ള പദ്ധതിക്ക് വെള്ളം എടുക്കുന്ന നിസർവോയർ ഉൾപ്പെട്ട ചക്കിട്ട പഞ്ചായത്തിലും പ്രസ്തുത പഞ്ചായത്ത് ഉൾപ്പെട്ട പേരാമ്പ്രമണ്ഡലത്തിലെ ഒരു പഞ്ചായത്തിലും പദ്ധതിയുടെ കുടിവെള്ളം വിതരണം ചെയ്യുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly